(ബി) ജില്ലതിരിച്ചു കണക്കു നൽകുമോ;

(സി) ഗവൺമെൻറ് അംഗീകാരത്തിനുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ, ബി, സി)സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 126 അംഗീകൃത ഇൻഡസ്ട്രിയൽ സ്കൂളുകളുണ്ട്. കമേഴ്സ്യൽ ഇൻസ്ററിറ്റ്യൂട്ടുകളുടെ കണക്ക് ഗവൺമെൻറിന്റെ കൈവശമില്ല. ജില്ലതിരിച്ചുള്ള ഇൻഡസ്ട്രിയൽ സ്കൂളുകളുടെ കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	37
കൊല്ലം	19
ആലപ്പുഴ	8
കോട്ടയം	12
ഇടുക്കി	5
എറണാകുളം	13
തൃശൂർ	8
പാലക്കാട്	10
മലപ്പുറം	4
കോഴിക്കോട്	6
കണ്ണൂർ	4

ഓരോ ജില്ലയിലും പത്തു വ്യാവസായിക സ്കൂളുകൾക്ക് ധനസഹായത്തോടുകൂടിയും മറ്റുള്ളവയ്ക്ക് ധനസഹായം ഇല്ലാതെയുമാണ് അംഗീകാരം നൽകുന്നത്. ധനസഹായത്തോടു കൂടി അംഗീകാരം നൽകുന്നതിന് സ്കൂളുകൾ തിരഞ്ഞെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വോളൻററി ആൻറ് ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള അപേക്ഷകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. വ്യക്തികൾ നടത്തുന്ന വ്യാവസായിക സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതല്ല. വ്യാവസായിക സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് വ്യാവസായിക സ്കൂളുകളെ സംബന്ധിക്കുന്ന കോഡ് ഓഫ് റഗുലേഷൻസിലെ വ്യവസ്ഥകൾ അനുസരിച്ചാണ്.

വിദ്യാലയങ്ങളിൽ യോഗാഭ്യാസം

1023 [1639] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കേരളത്തിലെ വിദ്യാലയങ്ങളിൽ യോഗാഭ്യാസം നടപ്പാക്കുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ?

ഉത്തരം

തൽക്കാലം ഉദ്ദേശമില്ല.

ട്രെയിനിംഗ് കോളേജുകൾ

1024 [1640] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓരോ ജില്ലയിലും എത്ര ട്രെയിനിംഗ് കോളേജുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly